63. 2000-2001-ൽ 25 പുതിയ ആയുർവേദ ഡിസ്പെൻസറികൾ തുടങ്ങുന്നതിനും, 5 ആയുർവേദ ഡിസ്പെൻസറികളെ 20 കിടക്കകളുള്ള ആശുപത്രികളായി ഉയർത്തുന്നതിനും ഉദ്ദേശിക്കുന്നു. ഗ്രാമപ്രദേശങ്ങളിൽ പുതിയ ആയുർവേദ ഡിസ്പെൻസറികൾ തുടങ്ങുന്നതിനും നിലവിലുള്ളത് അഭിവൃദ്ധിപ്പെടുത്തുന്നതിനുമായി ഞാൻ 1.2 കോടി രൂപ വകയിരുത്തുന്നു.

64. 2000-2001-ൽ 3 ആയുർവേദ ആശുപത്രികളെ താലൂക്ക് ആശുപത്രികളായി ഉയർത്തുന്നതാണ്. ഇതിനുവേണ്ടി 15 ലക്ഷം രൂപ മാറ്റിവയ്ക്കുന്നു.

65. അടുത്തവർഷം ആയുർവേദ വിദ്യാഭ്യാസത്തിന് ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിനുള്ള സാധ്യതകൾ ആരായുന്നതാണ്.

66. അടുത്തവർഷം 50 പുതിയ ഹോമിയോ ഡിസ്പെൻസറികൾ തുടങ്ങുന്നതാണ്. നിലവിലുള്ള ഡിസ്പെൻസറികളെ പരിഷ്കരിക്കുന്നതിനും പുതിയ ഡിസ്പെൻസറികൾ തുറക്കുന്നതിനും വേണ്ടി ബഡ്ജറ്റിൽ 1.4 കോടി രൂപ മാറ്റിവയ്ക്കുന്നു.

67. ഡോക്ടർമാർക്കും പാരാമെഡിക്കൽ സ്റ്റാഫിനു തൊഴിൽപരമായ ട്രെയിനിംഗ് ഡിവിഷൻ ആരംഭിക്കുന്നതാണ്. ഈ തുടർവിദ്യാഭ്യാസ പദ്ധതിയ്ക്കായി 50 ലക്ഷം രൂപ വകയിരുത്തുന്നു.

68. ആരോഗ്യ വിദ്യാഭ്യാസരംഗത്തെ കൂടുതൽ ഫലപ്രദമായി കൂട്ടിയിണക്കുന്നതിനും വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും കൂടുതൽ മെച്ചപ്പെട്ട സേവനസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി പരിയാരം മെഡിക്കൽ കോളേജ് സർക്കാർ ഉടമസ്ഥതയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു. ആദ്യപടിയായി ഇതിനു വേണ്ടി 50 കോടി രൂപ നീക്കിവയ്ക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്.

69. കാസർഗോഡ് ജില്ലയിൽ ആരോഗ്യരംഗത്ത് പടന്നയിലെ ഇ. എം.എസ്. സ്മാരക സഹകരണ ആശുപത്രി നൽകിയ സംഭാവനകൾ മാനിച്ച് ഈ സ്ഥാപനത്തിന് പ്രത്യേക ഗ്രാന്റായി 10 ലക്ഷം രൂപ വകയിരുത്തുന്നു.

70. അന്തർദ്ദേശീയ അംഗീകാരം ലഭിച്ചിട്ടുള്ള അമേരിക്കയിലെ മയോക്ലിനിക്ക്, പ്രമേഹ രോഗനിയന്ത്രണത്തിനും ഗവേഷണത്തിനും, ചികിത്സയ്ക്കും വിദ്യാഭ്യാസത്തിനും പരിശീലനത്തിനും മറ്റുമായി ലോക നിലവാരമുള്ള ഒരു സ്ഥാപനം സ്ഥാപിക്കുന്നതിനായി മുന്നോട്ട് വന്നിട്ടുണ്ട്. ഈ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനായി ഈ ബഡ്ജറ്റിൽ 50 ലക്ഷം രൂപ ഞാൻ വകയിരുത്തിയിട്ടുണ്ട്.

വ്യവസായം

71. സംസ്ഥാന പദ്ധതിയിനത്തിൽ വ്യവസായ മേഖലയ്ക്ക് 257 കോടി രൂപയുടെ വർദ്ധിച്ച വിഹിതമാണ് മാറ്റിവച്ചിട്ടുള്ളത്. ഇത് കഴിഞ്ഞ വർഷത്തേക്കാൾ ഏകദേശം 15 ശതമാനം വർദ്ധനവ് കാണിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

72. നിശ്ചിത സമയപരിധിക്കുള്ളിൽ ഒരു വ്യവസായത്തിനാവശ്യമായ ക്ലിയറൻസുകൾ, സർട്ടിഫിക്കറ്റുകൾ, ലൈസൻസുകൾ എന്നിവ നൽകുന്നതിന് ഒരു 'ഏകജാലക' സമ്പ്രദായം സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ വനിതകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായിരിക്കും അടുത്ത വർഷം പ്രാമുഖ്യം നൽകുക. 480 കോടി രൂപ മൂലധന നിക്ഷേപത്തോടുകൂടി 88000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന 20000 പുതിയ ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതാണ്.

73. ചെറുകിട-ഇടത്തരം-വൻകിട വ്യവസായ സംരംഭകർക്ക് മൂലധന നിക്ഷേപ സബ്സിഡി നല്കുന്നതിനുമാത്രമായി എന്റെ ഈ ബഡ്ജറ്റിൽ 18.73 കോടി രൂപ വകകൊള്ളിച്ചിട്ടുണ്ട്. കേരള ധനകാര്യ കോർപ്പറേഷൻ (KFC) കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (KSIDC) കിൻഫ്ര (KINFRA) തുടങ്ങിയവ മുഖേന വ്യവസായ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് ഞാൻ 65 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കണ്ണൂർ, കോഴിക്കോട്, മലപ്പുറം, ആലപ്പുഴ ജില്ലകളിലെ വ്യവസായ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി 13.3 കോടി രൂപ പ്രത്യേകമായി മാറ്റിവച്ചിട്ടുണ്ട്.

74. വ്യവസായ വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ സംസ്ഥാനത്തിലെ പൊതുമേഖലാ സംരംഭങ്ങളുടെ പുനഃസംഘടന, പുനഃരുദ്ധാരണം, വൈവിധ്യവൽക്കരണം എന്നിവയ്ക്കായി നീക്കിവച്ച 65 കോടി രൂപ കൂടി ഉൾപ്പെടുന്നു. കമ്പോളത്തിൽനിന്നും 180 കോടി രൂപ സ്വരൂപിക്കാൻ കേരള വ്യവസായ പുനഃരുദ്ധാരണനിധി'യ്ക്ക് കഴിഞ്ഞിട്ടുണ്ട്. 2000-2001-ൽഡ ഈ ഫണ്ടിന് സംസ്ഥാന സർക്കാരിന്റെ പങ്കാളിത്തത്തോടുകൂടി സംസ്ഥാനത്തെ പൊതുമേഖലയെ വൻതോതിൽ ശക്തിപ്പെടുത്തുവാൻ കഴിയുന്നതാണ്.

75. കേരള കശുവണ്ടി വികസന കോർപ്പറേഷന് യന്ത്രങ്ങൾ മാറ്റിസ്ഥാപിക്കുന്നതിനും, ഫാക്ടറി ഷെഡുകൾ പുതുക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും, കശുവണ്ടി ഗവേഷണ വികസന സെന്ററുകൾ സ്ഥാപിക്കുന്നതിനുമായി 5.5 കോടി രൂപ നൽകുന്നതാണ്. കഴിഞ്ഞവർഷം കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനായി കോർപ്പറേഷന് സാമ്പത്തികസഹായം നൽകുന്നതാണെന്ന് എന്റെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. ഇതിനുവേണ്ടി 5 കോടി രൂപ ഞാൻ അധികമായി നീക്കിവയ്ക്കുന്നു.

76. 2000-2001 വർഷത്തെ 'കയർ-ജിയോ ടെക്സ്റ്റൈയിൽ' വർഷമായി പ്രഖ്യാപിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. കയർ-ജിയോ-ടെക്സ്റ്റൈൽസ് എന്ന പുതിയ സ്കീമിന്റെ വികസനത്തിന് 5 കോടി രൂപ ഞാൻ വകയിരുത്തിയിട്ടുണ്ട്. കൊല്ലത്ത് പെരുമണിൽ ഒരു ഹൈടെക് കയർ പാർക്ക് സ്ഥാപിക്കുവാൻ

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ ഉദ്ദേശിക്കുന്നു. ഈ ആവശ്യത്തിനുവേണ്ടി 2 കോടി രൂപ ഞാൻ വകയിരുത്തുന്നു.

77. പ്രാഥമിക കൈത്തറി-നെയ്ത്ത് സഹകരണ സംഘങ്ങൾ വഴി കൈത്തറി മേഖല വികസിപ്പിക്കുന്നതിന് 6.45 കോടി രൂപ വകയിരുത്തിയിരിക്കുന്നു. സംസ്ഥാനത്തെ കൈത്തറി പവർലൂം മേഖലയ്ക്ക് മൊത്തം 22.28 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

78. കേരളത്തിൽ ഖാദി വ്യവസായ മേഖലയിൽ 13000 തൊഴിലാളികൾ പണിയെടുക്കുന്നതായി കണക്കാക്കുന്നു. അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം, തൊഴിലാളികളുടെ കുറഞ്ഞ വേതനം എന്നിവ മൂലം ഈ മേഖലരൂക്ഷമായ പ്രതിസന്ധിയെ അഭിമുഖീകരിക്കുകയാണ്. ഈ വ്യവസായത്തെ സംരക്ഷിക്കുന്നതിനുവേണ്ടി ചില സംരക്ഷണ നടപടികൾ എടുക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. നെയ്ത്ത് തൊഴിലാളികൾക്ക് പ്രസ്തുത വ്യവസായത്തിൽ അവർ ഉപയോഗിക്കുന്ന നൂലിന് കഴിയൊന്നിന് 10 പൈസ നിരക്കിൽ പ്രോത്സാഹനം നൽകുന്നതാണ്. ഇതിനുവേണ്ടി ബഡ്ജറ്റിൽ 25 ലക്ഷം രൂപ ഞാൻ മാറ്റിവയ്ക്കുന്നു.

മത്സ്യബന്ധനവും മത്സ്യബന്ധന തുറമുഖങ്ങളും

79. സംസ്ഥാനത്തിന്റെ ആഭ്യന്തര ഉൽപാദനത്തിൽ ഗണ്യമായ സംഭാവന നൽകുന്നതുകൊണ്ടും സമൂഹത്തിലെ വളരെ പാവപ്പെട്ടവരും അവഗണിക്കപ്പെട്ടവരുമായ ഒരു ജനവിഭാഗത്തിന് ജീവനോപായത്തിന് ആശ്രയിക്കുന്ന മേഖല എന്ന നിലയിലും മത്സ്യബന്ധന മേഖലയ്ക്ക് അതിയായ പ്രാധാന്യമുണ്ട്. എന്റെ ബഡ്ജറ്റിൽ പദ്ധതിയിനത്തിൽ ഈ മേഖലയ്ക്ക് 81.2 കോടി രൂപ വർദ്ധിപ്പിച്ച വിഹിതമായി മാറ്റിവച്ചിട്ടുണ്ട്. ഇത് കഴിഞ്ഞ വർഷത്തെ തുകയെക്കാൾ ഏകദേശം 20 ശതമാനം കൂടുതലാണ്. മത്സ്യക്കൂട്ടങ്ങളുടെ ചലനം മത്സ്യത്തൊഴിലാളികളെ അറിയിക്കുന്നതിനും, രക്ഷാ പ്രവർത്തനങ്ങൾക്കുംവേണ്ടി മത്സ്യബന്ധന വകുപ്പിന്റെ കീഴിൽ ഒരു സംസ്ഥാനതല വയർലസ് ശൃംഖല സ്ഥാപിക്കുന്നതാണ്.

80. നമ്മുടെ മത്സ്യത്തൊഴിലാളികൾക്ക് അവരുടെ മൂലധന ആവശ്യങ്ങൾ നിറവേറ്റുന്നതിന് സഹായിക്കുന്നതിനുവേണ്ടി മത്സ്യഫെഡ് കാസർഗോഡ്, കണ്ണൂർ, കൊല്ലം ജില്ലകളിൽ ക്രെഡിറ്റ് കാർഡ് സമ്പ്രദായം ഏർപ്പെടുത്തുന്നതാണ്. മത്സ്യബന്ധന മേഖലയിൽ സ്വയംസഹായ ഗ്രൂപ്പുകൾ രൂപീകരിക്കുക, വനിതാ മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക എന്നിവ ഈ വർഷം ഊന്നൽ കൊടുക്കുന്ന പ്രധാന മേഖലകളാണ്.

81. പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണയും മറ്റ് ജീവനോപാധികളും നൽകുക എന്നുള്ളത് മത്സ്യഫെഡിന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നാണ്. ഇതിനുവേണ്ടി മത്സ്യഫെ

LIBRARY ARCHIVES Kerala Legislative Assembly

224. 2000 ഏപ്രിൽ ഒന്നു മുതൽ നാല് മാസത്തേയ്ക്കുള്ള ചെലവുകളുടെ വോട്ട് ഓൺ അക്കൗണ്ടും ഞാൻ ഇതോടൊപ്പം അവതരിപ്പിക്കുന്നു.

നന്ദി

അനുബന്ധം I

(189-ാം ഖണ്ഡിക കാണുക)

ഖാദി ഗ്രാമ വ്യവസായങ്ങൾ

1. തീപ്പെട്ടി, പടക്കം, അഗർബത്തി എന്നിവയുടെ നിർമ്മാണം
2. സോപ്പ് നിർമ്മാണം
3. തുകൽ ഊറയ്ക്കിടുന്നതും ബന്ധപ്പെട്ട വ്യവസായങ്ങളും
4. തുകൽ ഉൽപ്പന്നങ്ങളുടെ നിർമ്മാണം
5. കൈകൊണ്ടുണ്ടാക്കുന്ന പേപ്പർ
6. ശർക്കരയുടെയും ഖണ്ഡസാരിയുടേയും നിർമ്മാണം
7. ചാണകത്തിൽ നിന്നും മറ്റു മാലിന്യങ്ങളിൽ നിന്നുമുണ്ടാക്കുന്ന വളത്തിന്റേയും മീതെയ്ൻ ഗ്യാസിന്റേയും നിർമ്മാണം
8. കക്കാ ഉൽപ്പന്നങ്ങളുടെ നിർമ്മാണം
9. ഷെല്ലാക്ക് നിർമ്മാണം
10. പച്ചക്കറി-പഴം ഉൽപ്പന്നങ്ങളുടെ നിർമ്മാണം
11. മുള കൊണ്ടും ചൂരൽ കൊണ്ടുമുള്ള വസ്തുക്കളുടെ നിർമ്മാണം
12. ഫർണീച്ചർ ഒഴികെ കൊല്ലപ്പണി കൊണ്ടുണ്ടാക്കുന്ന വസ്തുക്കളുടെ നിർമ്മാണം
13. ഫർണീച്ചർ ഒഴികെ ആശാരിപ്പണി കൊണ്ടുണ്ടാക്കുന്ന വസ്തുക്കളുടെ നിർമ്മാണം
14. കയർ ഒഴികെ നാരുകൾ കൊണ്ടുള്ള വസ്തുക്കളുടെ നിർമ്മാണം
15. അലുമിനിയം കൊണ്ടുള്ള വീട്ടുപാത്രങ്ങളുടെ നിർമ്മാണം
16. ചോളം കൊണ്ടും റാഗി കൊണ്ടുമുള്ള വസ്തുക്കളുടെ നിർമ്മാണം
17. റബ്ബർ ഉൽപ്പന്നങ്ങളുടെ നിർമ്മാണം (റബ്ബർബാൻഡ്, ഗ്ലൗസ്, ബലൂൺ തുടങ്ങിയ മുക്കിയെടുത്ത ലാറ്റക്സ് ഉൽപന്നങ്ങൾ)
18. പന ഉൽപ്പന്നങ്ങളുടെ നിർമ്മാണം
19. മൺപാത്ര നിർമ്മാണം
20. തേൻ ഉൽപാദനം
21. ഗനി ഓയിൽ നിർമ്മാണം

അനുബന്ധം II

(200-ാം ഖണ്ഡിക കാണുക)

കെ.ജി.എസ്.ടി.ആക്ടിലെ ഫീസ് മാറ്റത്തിന്റെ പട്ടിക

ക്രമനം	ഇനം	നിലവിലുള്ളത്	നിർദ്ദേശിക്കുന്നത്
1.	മജിസ്ട്രേഷൻ ഫീസ് (എ) 3 ലക്ഷത്തിൽ താഴെ വിറ്റുവരവുള്ള ഡീലർമാർ (ബി) 3 ലക്ഷവും അതിനുമുകളിൽ 10 ലക്ഷത്തിൽ	100 രൂപ	250 രൂപ

LIBRARY ARCHIVES Kerala Legislative Assembly

61. During 2000-2001, it is proposed to establish a new dental college at Kottayam. I am setting apart Rs. 10 lakhs for initial expenditure for this in the budget.

62. The Directorate of radiation Safety will be provided with its own staff and facilities in 2000-01. I have allocated Rs. 9 lakhs for this purpose.

63. During 2000-2001, Government proposes to start 25 new Ayurveda dispensaries and to upgrade 5 Ayurveda dispensaries into 20 bedded hospitals. For opening and impovement of dispensaries in rural areas and for the upgradation of existing dispensaries, I am earmaking Rs. 1.2 cr. in the budget.

64. Three Ayurveda hospitals will be upgraded into taluk level hospitals in 2000-2001. I have allocated Rs. 1.5 lakhs for this purpose.

65. The possibility of creating a Directorate for Ayurveda will be explored in the next year.

66. Fifty new homeopathy dispensaries will be opened in the next year. For the improvement of existing dispensaries and for opening new dispensaries, I have set apart Rs. 1.4 cr. in my Budget.

67. A separate Training Division will be started next year for the professional training of doctors and para-medicals. I have provided Rs. 50 lakhs in my budget for continuing medical education for doctors and para-medicals.

68. Government intends to bring the Pariyaram Medical College into its ownership for integrating it more completely into the medical education system and to assure better services to the faculty and students. As a first step, I am happy to announce an amount of Rs. 50 cr.

69. I shall also provide a special grant of Rs. 10 lakhs for the EMS Memorial Co-operative Hospital at Padanna in Kasargod in recognition of the role of this hospital in improving delivery of health services in Kasargod.

70. The internationally recognized Mayo Clinic of USA has come forward to help in setting up a world-class institute for research into preventive measures for diabetes and methodologies for its treatment, training and education. I have provided Rs. 50 lakhs in my budget for the establishment of the Institute.

Industries

71. The Industries sector has been given an enhanced allocation of Rs. 257 cr. in the State Plan. This is an increase of nearly 15% from the previous year

72. Government have introduced a "Single Windows System" for granting clearances, certificates and license required for an industry within a prescribed time limit. The thrust next year shall be on generating more employment for the women of our State. 20000 new SSI units will be setup in the State with a capital investment of Rs. 480 cr. and job opportunities for 88000 persons.

LIBRARY ARCHIVES Kerala Legislative Assembly